I/95259/2023

നം.DDDKER/1558/2023-C1

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:23-07-2023

**സർക്കുലർ നം. 33/2023**

വിഷയം:- ക്ഷീര വികസന വകുപ്പ് ഡയറക്ടേറ്റ് - സംസ്ഥാനത്തെ ക്ഷീര സംഘങ്ങളിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ച് വിരമിക്കുന്ന ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നത് - സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിൽനിന്നുള്ള 09/04/2022 ലെ 17/2022 നമ്പർ സർക്കുലർ.

സംസ്ഥാനത്തെ ക്ഷീര സംഘങ്ങളിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിച്ച് വിരമിക്കുന്ന ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അകാരണമായി തടഞ്ഞുവെക്കുന്നതായും, കാലതാമസം വരുത്തുന്നതായും നിരവധി പരാതികൾ ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ നേരത്തേയും ഈ കാര്യാലയത്തിൽ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചന പ്രകാരം ഈ കാര്യാലയത്തിൽനിന്നും പുറപ്പെടുവിച്ച സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായിപാലിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി കാണുന്നു. സംഘത്തിന്റെ ലാഭ - നഷ്ട കണക്കിൽ നിബന്ധന വെക്കുകയും, ടി തുക ഗ്രാറ്റുവിറ്റി അക്കൗണ്ടിൽ ജില്ലാ സഹകരണ ബാങ്കിൽ അടയ്ക്കാത്തതുകൊണ്ടും, സംഘം, ഗ്രൂപ്പ് ഗ്രാറ്റുവിറ്റി പോലുള്ള സ്കീമുകളിൽ ചേരാത്തതുമാണ് മേൽ സൂചന പരിപത്രം കൃത്യമായി പാലിക്കാൻ സാധിയ്ക്കാത്തത്. പത്തോ അതിൽ കൂടുതലോ ജീവനക്കാരുള്ള സംഘങ്ങൾ ഗ്രാറ്റുവിറ്റി ആക്ട് പ്രകാരമാണ് ഗ്രാറ്റുവിറ്റി നൽകേണ്ടത്. പത്തിൽ താഴെ ജീവനക്കാർ ഉള്ള സംഘങ്ങൾ, സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 59 പ്രകാരമാണ് ഗ്രാറ്റുവിറ്റി നൽകേണ്ടത്, അതായത്, അത്തരം സംഘങ്ങളിലെ ജീവനക്കാർക്ക്, അവരുടെ ഓരോ പൂർത്തീകരിക്കപ്പെട്ട സാമ്പത്തിക വർഷത്തിലെയും 15 ദിവസത്തെ ശമ്പളം എന്ന നിരക്കിൽ പരമാവധി 15 മാസത്തെ ശമ്പളം ഗ്രാറ്റുവിറ്റിയായി കൊടുക്കാവുന്നതാണ്. ഓഡിറ്റ് കഴിഞ്ഞിട്ടില്ല എന്ന കാരണത്താൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വെക്കുന്നത് ശരിയല്ല. സേവനത്തിൽനിന്നും പിരിഞ്ഞുപോകുന്ന ജീവനക്കാർക്ക് അവരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുനതിനുവേണ്ടി, ജീവനക്കാരും സംഘവും തമ്മിൽ ഒരു എഗ്രിമെന്റ് (ബോണ്ട്) വെക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ, സംഘങ്ങൾ, വിരമിക്കുന്ന ജീവനക്കാരുടെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകേണ്ടതുമാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു.

മേൽപ്പടി നിർദ്ദേശങ്ങൾ, സംഘങ്ങൾ കൃത്യമായിപാലിയ്ക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതുമാണ്.

Signed by
Asif K Yusuf
Date: 23-07-2023 01:58:49
DIRECTOR

I/95259/2023

പകർപ്പ്ഃ- 1. എല്ലാ ഡെപ്യൂട്ടി ഡയറക്ടർ മാർക്കും.

2. എല്ലാ ക്ഷീര സഹകരണ സംഘങ്ങൾക്കും
(ഡെപ്യൂട്ടി ഡയറക്ടർ മാർ) മുഖാന്തിരം.

3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും, ക്ഷീര വികസന ഓഫീസർ മാർക്കും, ഡി.എഫ്.ഐ. മാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മാർ) മുഖാന്തിരം.

4) ഐ.റ്റി. സെല്ലിന് ( വകുപ്പുതല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )